**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3980** **03-03-2023 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ജില്ലയിലെ സർക്കാർ ആശുപത്രികളിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിലെ സർക്കാർ ആശുപത്രികളിൽ ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II തസ്തികയിലും പാർട്ട് ടൈം സ്വീപ്പർ തസ്തികയിലും എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിലെ സർക്കാർ ആശുപത്രികളിൽ ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II തസ്തികയിൽ 73 ഒഴിവുകളും പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ 8 ഒഴിവുകളുമുണ്ട്. കൂടാതെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II തസ്തികയിൽ 10ഒഴിവുകളും പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ 4 ഒഴിവുകളും ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിൽ ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II-ന്റെ 8 ഒഴിവുകളും നിലവിലുണ്ട്. |
| (ബി) | പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | വിവിധ വകുപ്പുകളിലെ പാർട്ട് ടൈം സ്വീപ്പർമാർക്ക് ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2 തസ്തികയിലേയ്ക്ക് തസ്തികമാറ്റം മുഖാന്തിരം നിയമനം നൽകുന്നതിനായി ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II തസ്തികയിലെ 45 ഒഴിവുകൾ ജില്ലാ മെഡിക്കൽ ഓഫീസർ, തിരുവനന്തപുരം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II തസ്തികയിലെ 28 ഒഴിവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ അറിയിച്ചിട്ടുണ്ട്. പാർട്ട് ടൈം സ്വീപ്പർ തസ്തികയിലെ 8 ഒഴിവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ അറിയിക്കുകയും ഉദ്യോഗാർത്ഥികളുടെ പട്ടിക ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 2023 മാർച്ച് 1, 2 തീയതികളിൽ ഇന്റർവ്യൂ നടത്താൻ തീരുമാനിച്ച് ഉദ്യോഗാർത്ഥികൾക്ക് ജില്ലാ മെഡിക്കൽ ഓഫീസർ, തിരുവനന്തപുരം അറിയിപ്പ് കത്ത് അയച്ചിട്ടുണ്ട്.<br><br>ജില്ലയിലെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ആശുപത്രികളിലെ ഒഴിവുകൾ നികത്തുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരമുള്ള നിയമന നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ